# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5465 - 02/11/2016 - ലെ മറുപടിക്ക്**

**ജി.എസ്.ഡി.പി വളർച്ചാ നിരക്ക്**

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. സുരേഷ് കുറുപ്പ്.
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ. രാജു എബ്രഹാം
ശ്രീ. റ്റി.വി. രാജേഷ്

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | **ചോദ്യം** | **ഉത്തരം** |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ജി.എസ്.ഡി.പി വളർച്ചാ നിരക്ക് ദേശീയ ശരാശരി യെക്കാൾ താഴെയായിരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിരുന്നോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | സമ്പദ്ഘടനയിലെ മുരടിപ്പുമൂലം രണ്ടു പതിറ്റാണ്ടുകൾക്കു ശേഷം ആദ്യമായി സാമ്പത്തിക വളർച്ച ദേശീയ ശരാശരിയുടെ പിന്നിലായിട്ടുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായി വികസിത രാജ്യങ്ങളിലുണ്ടായ വളർച്ചാമാന്ദ്യവും കാരണം ഉണ്ടായിട്ടുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണ മേഖലയിലെ മാന്ദ്യം, സേവനമേഖലയിലെ തൊഴിലവസരങ്ങളുടെ കുറവ്, ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകളിലും വരുമാനത്തിലുമുള്ള ഇടിവ്, ഗൾഫ് പ്രതിസന്ധി എന്നിവയാണ് വളർച്ചാ നിരക്ക് കുറയാനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. |
| (ബി) | വളർച്ചാ നിരക്ക് കുറയുന്നതിനോടൊപ്പം അറബ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി നിക്ഷേപം കുറഞ്ഞുവരുന്നത് സംസ്ഥാന സമ്പദ്ഘടനയെ പ്രതിസന്ധി യിലാക്കാതിരിക്കാനായി എന്തു സാമ്പത്തിക തന്ത്രമാണ് ആവിഷ്കരിച്ചിരിക്കുന്നത്; | പ്രവാസികൾക്ക് നാട്ടിൽ നിക്ഷേപ സൗകര്യം നൽകുന്നതിനായി വ്യവസായ പാർക്കുകളിലും മറ്റും നിക്ഷേപം നടത്തുന്നതിന് പ്രത്യേക പരിഗണന നൽകുവാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | പ്രവാസി നിക്ഷേപം പ്രത്യുൽപ്പാദനപരമായ മേഖല കളിലേക്ക് വഴിതിരിച്ചു വിട്ട് സാമ്പത്തികോന്നമനം സാധ്യമാക്കുന്നതിനായി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ യുക്തമായ സംവിധാനം സൃഷ്ടിക്കുമോ? | |

*അക്കൗണ്ട്സ് ഓഫീസർ*